# ജില്ലാ ബേസ്ബോൾ ചാമ്പ്യൻഷിപ്

ചിറ്റിലഞ്ചേരി ▶ ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് ബുധൻ, വ്യാഴം ദിവസങ്ങളിൽ ചിറ്റിലഞ്ചേരി എം.എൻ.കെ.എം. ഹയർസെക്കൻഡറി സ്കൂൾ മൈതാനത്തു നടക്കും. 2006 ജനുവരി ഒന്നിനുശേഷം ജനിച്ച, ആൺകുട്ടികളും പെൺകുട്ടികളും അടങ്ങുന്ന ടീമിനു പങ്കെടുക്കാം. www.baseballkerala.com എന്ന വെബ്സൈറ്റിലൂടെ ഒക്ടോബർ ഒൻപതിനു മുൻപു രജിസ്റ്റർ ചെയ്യണം. സംസ്ഥാന ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനുള്ള ജില്ലാ ടീമിനെയും ചാമ്പ്യൻഷിപ്പിൽനിന്നു തിരഞ്ഞെടുക്കും. ഫോൺ: 8111818432.

മലയാള മനോരമ



ജില്ലാ ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ കൊടുവായൂർ യുവധാര ക്ലബ്.



ജില്ലാ ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ പല്ലശ്ശന സ്പോർട്സ് അക്കാദമി.

# ജില്ലാ ജൂനിയർ ബേസ്ബോൾ: യുവധാര, സ്പോർട്സ് അക്കാദമി ജേതാക്കൾ

ചിറ്റിലഞ്ചേരി ● ജില്ലാ ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കൊടുവായൂർ യുവധാര ക്ലബ്ബും പെൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശ്ശന സ്പോർട്സ് അക്കാദമിയും ജേതാക്കളായി. പല്ലശ്ശന ഡ്രീംസ് ബേസ്ബോൾ, കോട്ടായി ബേസ്ബോൾ അക്കാദമി എന്നിവർ ആൺകുട്ടികളുടെ വിഭാഗത്തിലും കാവശ്ശേരി കെസിപി ബേസ്ബോൾ അക്കാദമി, കൊടുവായൂർ ജിഎച്ച്എസ്എസ് എന്നിവർ പെൺകുട്ടികളുടെ വിഭാഗത്തിലും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മത്സരം മേലാർകോട് പഞ്ചായത്ത് അധ്യക്ഷ ടി.വത്സല ഉദ്ഘാടനം ചെയ്തു. പ്രമോദ് അധ്യക്ഷത വഹിച്ചു. സിജിൻ, പല്ലശ്ശന സ്കൂൾ പിഇടി പ്രദീപ്, ചിറ്റിലഞ്ചേരി എംഎൻകെഎം സ്കൂൾ അധ്യാപിക ആഷ, സാദിക്, ജിജി, കെ.ബി.രാഹുൽകൃഷ്ണ എന്നിവർ പ്രസംഗിച്ചു.